**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 722** **26-07-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി -ധനുഷ്കോടി ദേശീയ പാതയുടെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | കൊച്ചി - ധനുഷ്കോടി ദേശീയ പാതയുടെ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന "Rehabilitation & upgradation of NH 85 from Km 119/017 to Km 161/300 (Bodimettu to Munnar) to two lane with paved shoulder on EPC Mode" എന്ന പ്രവൃത്തി നിലവിൽ 79% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഗ്യാപ്പ് റോഡിൽ പാതയുടെ വീതി കൂട്ടുന്നതിന്റെ മറവിൽ അനധികൃതമായി വൻതോതിൽ പാറ പൊട്ടിച്ച് കടത്തിയതായി കളക്ടർ നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം കണ്ടെത്തിയെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത അന്വേഷണ സംഘത്തിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | അന്വേഷണ സംഘത്തിൽ ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിൽ ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ തഹസീൽദാർമാർ, ടി താലൂക്ക് സർവ്വെയർമാർ, ഇടുക്കി ജില്ല ജിയോളജിസ്റ്റ് എന്നിവരെയാണ് ഉൾപ്പെടുത്തിയിരുന്നത്. |
| (ഡി) | ഇതുസംബന്ധിച്ച് ജില്ലാ കളക്ടർ സർക്കാരിന് എന്തെങ്കിലും വിവരം കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഡി) | ഉണ്ട്.16/10/2020-ൽ ഇടുക്കി ജില്ലാകളക്ടർ റവന്യൂ വകുപ്പിന് നൽകിയ റിപ്പോർട്ടിൽ, ബോഡിമെട്ട് മൂന്നാർ റീച്ചിന്റെ നവീകരണ ജോലികളുടെ ഭാഗമായി റോഡിന്റെ മുൻനിശ്ചയിച്ചിട്ടുള്ള അലൈൻ-മെന്റിനുള്ളിൽ നിന്നാണോ പാറഖനനം നടത്തിയിട്ടുള്ളതെന്ന് പരിശോധന നടത്തി ബോദ്ധ്യപ്പെടേണ്ടതാണെന്നും, മുൻ നിശ്ചയിച്ചിരുന്ന അലൈൻമെന്റിൽ നിന്നും വ്യതിചലിച്ച് സർക്കാർ പാറപുറംമ്പോക്കിൽ നിന്നും അനിയന്ത്രിതമായും അശാസ്ത്രീയമായും പാറഖനനം നടത്തിയിട്ടുള്ളതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുന്നതിനാൽ, പ്രസ്തുത ജോലി ഏറ്റെടുത്തു നടത്തി വന്നിരുന്ന കരാറുകാരൻ അനിയന്ത്രിതവും അനുവദനീയവുമല്ലാത്ത വിധത്തിൽ |

| | | | |
|---|---|---|---|
| | | | പാറഖനനം നടത്തിയിട്ടുണ്ടോയെന്നും, മറ്റ് നിർമ്മാണ ജോലികൾക്കായി ആയത് വിനിയോഗിച്ചിട്ടുണ്ടോ-യെന്നും അനധികൃതമായി കടത്തിക്കൊണ്ടു പോയിട്ടുണ്ടോയെന്നും അന്വേഷണം നടത്തി ബോദ്ധ്യപ്പെടേണ്ടതും, സർക്കാർ താൽപര്യ- ത്തിനു വിരുദ്ധമായി അനധികൃതമായും അവിഹിതമായും പ്രവർത്തിച്ചതായി ബോദ്ധ്യപ്പെട്ടാൽ സർക്കാരിന് നഷ്ടം വരുത്തിയതിനും കരാർ ലംഘിച്ചതിനും ടിയാൾക്കെതിരായി നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്നും, കൂടാതെ ഉത്തരവാദിത്തരഹിതമായി കരാർ ജോലി നിർവ്വഹിച്ച കരാറുകാരനിൽനിന്നും പിഴ ഈടാക്കിയും ദുരിതബാധിതർക്ക് പരമാവധി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കിയും അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നത് ഉചിതമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | നിർദ്ദിഷ്ട ദേശീയ പാതയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ? | (ഇ) | നിർമ്മാണ പ്രവൃത്തികൾ ത്വരിത ഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ